ശ്രീമതി കെ. ആർ. ഗൗരിയമ്മ : ഒരു പ്രകോപനവുമില്ല. നമ്പ്യാർക്ക് അങ്ങനെയൊരു അഭിപ്രായമുണ്ടെങ്കിൽ നമ്പ്യാരുടെ അഭിപ്രായം തന്നെ ആയിരിക്കും ഗവൺമെന്റിന്റെയും അഭിപ്രായം.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, വികലാംഗരായ കുട്ടികളെ സ്കൂളിൽ കൊണ്ടു പോകാനും അതുപോലെ ജോലി ചെയ്തു ജീവിക്കാൻ ആഗ്രഹിക്കുന്ന കുട്ടികളെ ജോലി സ്ഥലങ്ങളിൽ പോകാനും. ഇപ്പോഴും അവരുടെ മാതാപിതാക്കളും അവരെ ചുമന്നു കൊണ്ടാണ് പോകുന്നത്. ഇതിനു മാറ്റം വരുത്താൻ, സ്വയം ഓടിച്ചു പോകുന്ന വീൽ ചെയറുകളും നിർമ്മിക്കുന്ന ഒരു ഫാക്ടറി, വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഈ തിരുവനന്തപുരം ജില്ലയിൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : അതും ഒരു വ്യവസായമാണല്ലോ. അതിനെക്കുറിച്ച് ഇപ്പോഴും ഗവൺമെന്റ് ആലോചിച്ചിട്ടില്ല. വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ജില്ലയാണ് തിരുവനന്തപുരം എങ്കിൽ ആ തിരുവനന്തപുരത്തിന് ഈ ഗവൺമെന്റ് വന്നതിനുശേഷം അർഹമായ സ്ഥാനം കിട്ടിയിട്ടുണ്ട്. ഇവിടെ ഹൈടെക്ക് വന്നിട്ടുണ്ട്. ടെക്നോളജി വർക്ക് ഇവിടെയാണ് തുടങ്ങുന്നത്. ഇത് രണ്ടും ഗവൺമെന്റ് നടത്തുന്ന സ്ഥാപനമാണ്. അതുകൊണ്ട് പിന്നോക്കമെന്നതു പരിഗണിച്ചിട്ടില്ലെന്നു പറയുന്നത് ശരിയല്ല. വീൽ ചെയർ ഉണ്ടാക്കുന്നതിനെക്കുറിച്ച് ഇപ്പോഴും ആലോചിച്ചിട്ടില്ല.

ശ്രീ. എ. വി. താമരാക്ഷൻ : എറണാകുളം, പാലക്കാട് എന്നീ ജില്ലകളിലാണ് വ്യവസായികളും വ്യവസായങ്ങളും ആരംഭിക്കാൻ മുന്നോട്ടും വരുന്നത് എന്നു മന്ത്രി പറയുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രിക്കു കൂടി നേരിട്ട് അറിവുള്ളതാണ് ആലപ്പുഴ ജില്ല. കേരളത്തിൽ വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ആലപ്പുഴ പോലുള്ള ജില്ലകളിൽ വ്യവസായികളെ കൂടുതൽ ആകർഷിക്കുന്ന നിലയിൽ വൻകിട വ്യവസായങ്ങളാരംഭിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് പ്രത്യേക സബ്സിഡികളും കൊടുത്ത് പ്രോൽസാഹിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീമതി കെ. ആർ. ഗൗരിയമ്മ : പ്രത്യേകമായിട്ട് ആലപ്പുഴയ്ക്കു മാത്രം പറയുമോ ? ഞാൻ കേരളത്തിലെ മന്ത്രിയല്ലേ ? ആലപ്പുഴയിൽ പലർ പല സൗകര്യങ്ങളും വച്ചുകൊണ്ട് വരാമെന്ന് പറഞ്ഞിട്ടുണ്ട്. അത് എം. ഒ. യു. സൈൻ ചെയ്തതിലുണ്ട്. ആലപ്പുഴയേക്കാളും മോശമായ ജില്ലകളുമുണ്ട്. കാസർഗോഡിനെക്കുറിച്ച് നിങ്ങൾ എന്ത് പറയും ? ആലപ്പുഴയിൽ നിന്ന് വന്ന മന്ത്രിയായതുകൊണ്ട് ആലപ്പുഴയോട് സ്നേഹമില്ലാഞ്ഞിട്ടല്ല. കേരളം ഒന്നാണ്.

കായികതാരങ്ങൾക്ക് പ്രോൽസാഹനം നൽകാൻ നടപടി

* 4. [201] ശ്രീ. നിക്കോളാസ് റോഡ്രിഗ്സ് :
,, കെ. പി. മമ്മുമാസ്റ്റർ :
,, ആർ. ഉണ്ണിക്കൃഷ്ണപിള്ള :
,, എം. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സ്പോർട്സും യുവജനക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അഭിരുചിയുള്ള കായിക താരങ്ങളെ കണ്ടുപിടിച്ച് പ്രോൽസാഹനം നൽകുന്നതിനും ഉയർത്തിക്കൊണ്ടുവരുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതനുസരിച്ച് എത്ര കായിക താരങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട് ; എന്തു തുക ചെലവായിട്ടുണ്ട് ;

(സി) ഇക്കാര്യത്തിനുവേണ്ടി തുടർന്ന് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ ?

സ്പോർട്സും യുവജനക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. എ. നീലലോഹിതദാസൻ നാടാർ) : (എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 1987 ഡിസംബറിൽ സംസ്ഥാനത്ത് രണ്ടാം ദേശീയ കായികമേള സംഘടിപ്പിക്കുകയുണ്ടായി. അതോടൊപ്പം പണി തീർത്ത വിവിധ സ്പോർട്സ് സൗകര്യങ്ങളും സംസ്ഥാനത്തെ കായിക വികസനത്തിന് പ്രോൽസാഹനം നൽകിയിട്ടുണ്ട്. അഭിരുചിയുള്ള കായികതാരങ്ങളെ കണ്ടു പിടിച്ച് പ്രോൽസാഹിപ്പിക്കുന്നതിനും ഉയർത്തി കൊണ്ടു വരുന്നതിനുമായി വർഷംതോറും നാഷണൽ സ്പോർട്സ് ടാലൻറ് കോൺടെസ്റ്റുകളും യുവജനമേളകളും നടത്തിവരുന്നു.

കൂടാതെ കോഴിക്കോട് സ്പോർട്സ് ഹോസ്റ്റൽ, കേന്ദ്ര സഹായത്തോടെ കൊല്ലത്ത് സ്പോർട്സ് പ്രോജക്ട് ഡെവലപ്പുമെൻറ് ഏരിയ, തിരുവനന്തപുരത്ത് സ്പോർട്സ് ഡെമോസ്ട്രേഷൻ കം ട്രെയിനിംഗ് സെൻറർ, മാർഷ്യൽ ആർട്സ് സെൻറർ, തലശ്ശേരിയിലും ആലപ്പുഴയിലും സ്പെഷ്യൽ ഏരിയ ഗെയിംസ് സെൻറുകളും, ജില്ലകൾതോറും പുതിയ കളി സ്ഥലങ്ങളും എന്നിവ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.

കായികതാരങ്ങളുടെ സമഗ്രമായ ഉയർച്ചയ്ക്കും വളർച്ചയ്ക്കും വേണ്ടി 'ഓപ്പറേഷൻ ഒളിമ്പിയ' എന്ന പദ്ധതിയും ആരംഭിച്ചു കഴിഞ്ഞു.

(ബി) നാഷണൽ സ്പോർട്സ് ടാലൻറ് കോൺടെസ്റ്റ് (എൻ.എസ്.ടി.സി.) പദ്ധതിയനുസരിച്ച് 1989-ൽ 9 കുട്ടികൾക്കും 1989-ൽ 36 കുട്ടികൾക്കും 1990-ൽ 93 കുട്ടികൾക്കും പ്രയോജനം ലഭിച്ചിട്ടുണ്ട്. ആലപ്പുഴയിലുള്ള ജലകായിക കേന്ദ്രത്തിൽ ഒരു വർഷം 44 പേർക്കും തലശ്ശേരി ജിംനാസ്റ്റിക് കേന്ദ്രത്തിൽ 30 കുട്ടികൾക്കും പരിശീലനം ലഭിക്കുന്നുണ്ട്. ഇതുകൂടാതെ 1988, 1989, 1990 വർഷങ്ങളിലെ യുവജന മേളകളിൽ നടന്ന കായിക മൽസരങ്ങളിൽ വിവിധയിനങ്ങളിലായി 1500-ൽപ്പരം യുവകായികതാരങ്ങൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

എൻ. എസ്. ടി. സി., യുവജനമേള എന്നീ പദ്ധതികൾക്കായി 37.01 ലക്ഷം രൂപ 1988, 1989, 1990 എന്നീ വർഷങ്ങളിൽ ചെലവാക്കിയിട്ടുണ്ട്.

(സി) തലസ്ഥാനത്ത് പ്രവർത്തിക്കുന്ന ജി. വി. രാജ സ്പോർട്സ് സ്കൂളിന്റെ ആധുനീകരണം, കോട്ടയത്തും കണ്ണൂരും പുതിയ സ്പോർട്സ് സ്കൂളുകൾ, വടക്കൻകേരളത്തിൽ പുതിയ എസ്. പി. സി. എ. കേന്ദ്രം, പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കായിക പരിശീലനം, തലശ്ശേരിയിൽ ഒരു സർക്കസ് പരിശീലനകേന്ദ്രം എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിച്ചു വരുന്നു.

ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി പ്രകാരം 14 ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സെൻറുകളിൽ പരിശീലനം നൽകേണ്ട കുട്ടികളെ തെരഞ്ഞെടുത്തു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നിക്കോളാസ് റോഡ്രിഗ്സ് : സർ, കഴിഞ്ഞ രണ്ടുമൂന്നു കൊല്ലങ്ങളായി പഞ്ചായത്ത്, ജില്ല, സംസ്ഥാന നിലവാരത്തിൽ യുവജനമേളകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഈ യുവജനമേളകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ള കായികതാരങ്ങളുടെ ഉയർച്ചയ്ക്കുവേണ്ടി എന്തെങ്കിലും പ്രത്യേക പരിപാടികൾ സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ടോ ?

ശ്രീ. എ. നീലലോഹിതദാസൻ നാടാർ : സർ, ആ യുവജനമേളകൾ തന്നെ കായികതാരങ്ങളെ പ്രോൽസാഹിപ്പിക്കാൻ വേണ്ടിയുള്ളതാണ്.

ശ്രീ. നിക്കോളാസ് റോഡ്രിഗ്സ് : സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കായികതാരങ്ങൾക്ക് സാമ്പത്തികമായി എന്തെങ്കിലും സഹായം ചെയ്യാനുള്ള വല്ല പരിപാടിയും ഗവൺമെൻറിനെറ മുന്നിലുണ്ടോ ?

ശ്രീ. എ. നീലലോഹിതദാസൻ നാടാർ : സ്പോർട്സ് സ്കൂളിലും മറ്റും പഠിക്കുന്ന കുട്ടികൾക്ക് ലോഡ്ജിംഗിനും ബോർഡിംഗിനുമുള്ള എല്ലാ സൗകര്യങ്ങളും കൊടുക്കുന്നുണ്ട്. ഡയറ്റ് അലവൻസും കൊടുക്കുന്നുണ്ട്. അതുപോലെതന്നെ ഓപ്പറേഷൻ ഒളിമ്പിയാഡ്കു തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് അഡീഷണൽ ഡയറ്റും കൊടുക്കുന്നുണ്ട്. സ്പോർട്സ് ഹോസ്റ്റലുകളിലെ കുട്ടികൾക്കും ലോഡ്ജിംഗിനും ബോർഡിംഗിനുമുള്ള എല്ലാ സൗകര്യങ്ങളും ഡയറ്റ് അലവൻസും കൊടുക്കുന്നുണ്ട്. ഇതൊക്കെയാണ് നൽകുന്ന സാമ്പത്തികസഹായം.

ശ്രീ. കെ. പി. മമ്മുമാസ്റ്റർ : സ്പോർട്സ് സ്പെഷ്യൽ ഏരിയ ഡവലപ്പ്മെൻറ് പ്രോജക്ട് കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ് ; കേരളത്തിൽ എവിടെയെല്ലാമാണ് അത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. എ. നീലലോഹിതദാസൻ നാടാർ : സ്പോർട്സ് സ്പെഷ്യൽ ഏരിയാ പ്രോജക്ട് എന്നു പറയുന്നത് ചില പ്രത്യേക സ്പോർട്സ് ഇനങ്ങളിൽ, തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഹോസ്റ്റലുകളിൽ താമസിപ്പിച്ച് അതിനു ചുറ്റുംതന്നെ പരിശീലന സൗകര്യങ്ങൾ നൽകി അവർക്കുവേണ്ട പരിശീലനം നൽകുകയാണ്. കൊല്ലത്ത് ഒരു സ്പോർട്സ് സ്പെഷ്യൽ ഏരിയാ പ്രോജക്ട് തുടങ്ങിയിട്ടുണ്ട്. തൃശ്ശൂരിൽ ഒരു സ്പോർട്സ് സ്പെഷ്യൽ ഏരിയാ പ്രോജക്ട് തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. കെ. പി. മമ്മുമാസ്റ്റർ : അമ്പെയ്ത്ത് ലോക കായിക മൽസരവേദികളിലെല്ലാംതന്നെ വളരെ പ്രധാനപ്പെട്ട ഒരിനമായി തീർന്നിരിക്കുകയാണ്. മലംപ്രദേശത്തുള്ള ആദിവാസികൾ അമ്പെയ്ത്തിൽ വളരെ അഭിരുചി ഉള്ളവരാണ്. അവരുടെ അഭിരുചി കായിക മൽസര രംഗത്തേക്ക് തിരിച്ചുവിടാൻ വല്ല പദ്ധതിയുണ്ടോ, ഉണ്ടെങ്കിൽ അത് വ്യക്തമാക്കാമോ ?

ശ്രീ. എ. നീലലോഹിതദാസൻ നാടാർ : 1988-ൽ യുവജന മേളയോടൊപ്പംതന്നെ നാഷണൽ സ്പോർട്സ് കണ്ടക്ടിൻെറ ഭാഗമായി വയനാടുവച്ചു നടന്ന, തെരഞ്ഞെടുപ്പിൽ ചില കുട്ടികളെ പ്രത്യേകം തെരഞ്ഞെടുത്ത് സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ അമ്പെയ്ത്തിൽ പരിശീലനം നൽകിവരുന്നു. അതുകൂടാതെ വയനാട്ടിൽ ഒരു അമ്പെയ്ത്ത് പരിശീലന കേന്ദ്രം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ഉണ്ണികൃഷ്ണപിള്ള : ഓപ്പറേഷൻ ഒളിമ്പിയയുടെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്ത് പതിനാല് കേന്ദ്രങ്ങൾ പരിശീലന കേന്ദ്രങ്ങളാക്കി മാറാൻ തീരുമാനമെടുത്തിരുന്നു. അത് ഏതെല്ലാമാണെന്നു വ്യക്തമാക്കാമോ; അതുപോലെതന്നെ 1991-92 ബഡ്ജറ്റിൽ കൂടുതൽ സ്ഥലങ്ങളിലേക്ക് പരിശീലനകേന്ദ്രങ്ങൾ വ്യാപിപ്പിക്കാൻ ഉദ്ദേശമുണ്ടെന്നു വ്യക്തമാക്കിയിട്ടുണ്ട്. അത് എവിടെയെല്ലാം എന്ന് വ്യക്തമാക്കാമോ ?

ശ്രീ. എ. നീലലോഹിതദാസൻ നാടാർ : തുടങ്ങാൻ കഴിഞ്ഞിട്ടുള്ള കേന്ദ്രങ്ങൾ കോഴിക്കോട് ജില്ലയിൽ മാവൂർ, എറണാകുളം ജില്ലയിൽ ഏലൂർ, തിരുവനന്തപുരം ജില്ലയിൽ ഉള്ളൂർ, കൊല്ലം ജില്ലയിൽ കടയ്ക്കൽ, കോട്ടയം ജില്ലയിൽ മുണ്ടക്കയം, പാലക്കാട് ജില്ലയിൽ കണ്ണാടി, മലപ്പുറം ജില്ലയിൽ പുക്കോട്ടൂർ, കണ്ണൂർ ജില്ലയിൽ ധർമ്മടം, കാസർകോട് ജില്ലയിൽ വെന്തെടുക്ക, വയനാട് ജില്ലയിൽ മീനങ്ങാടി, തൃശ്ശൂർ ജില്ലയിൽ വിളവട്ടം, ഇടുക്കി ജില്ലയിൽ അറക്കുളം, പത്തനംതിട്ട ജില്ലയിൽ കുറ്റൂർ, ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ ഈ പദ്ധതി ഈ സാമ്പത്തിക വർഷത്തിൽ കൂടുതൽ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ അത് പറഞ്ഞിട്ടുണ്ട്. കൂടാതെ അടുത്ത ദിവസങ്ങളിൽ, പുതുതായി തെരഞ്ഞടുക്കപ്പെട്ട ജില്ല കൗൺസിൽ പ്രസിഡൻറുമാരുടെ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി ജില്ലാ കൗൺസിലുകളുടെ സഹായത്തോടുകൂടി കൂടുതൽ കേന്ദ്രങ്ങൾ വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. അതിന് സഹകരണ പൊതുമേഖലാസ്ഥാപനങ്ങളുടെ സ്പോൺസറിംഗ് ഉൾപ്പെടെ തേടാനും ഉദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. ആർ. ഉണ്ണികൃഷ്ണപിള്ള : കായികതാരങ്ങളുടെ വിശേഷിച്ച് പെൺകുട്ടികളുടെ പരിശീലന കേന്ദ്രങ്ങളിൽ വേണ്ടത്ര സുരക്ഷിതത്വം ഇല്ലെന്നു ആരോപണമുണ്ടായിട്ടുണ്ട്. പത്രങ്ങളിലും അത് വന്നിട്ടുണ്ട്. അവർക്ക് ക്ഷീണം കഴിക്കുന്നതിന് രാത്രി സമയങ്ങളിൽ പരിശീലന കേന്ദ്രത്തിൽനിന്നും വളരെ ദൂരേയുള്ള ഹോട്ടലുകളിലേക്കു പോകേണ്ടിവരുന്ന അവസ്ഥയുണ്ട്. അതു പരിഗണിച്ച് പരിശീലനകേന്ദ്രങ്ങളിൽത്തന്നെ ക്ഷീണ സൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കുന്ന കാര്യത്തെക്കുറിച്ച് ഗവൺമെൻറ് ആലോചിക്കുമോ ?

ശ്രീ. എ. നീലലോഹിതദാസൻ നാടാർ : ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച ആ പരാതി ഈ പറഞ്ഞ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ടതല്ല. യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടക്കുന്ന പരിശീലനകേന്ദ്രത്തെ സംബന്ധിച്ചാണ് അങ്ങനെ റിപ്പോർട്ട് ഉണ്ടായിട്ടുള്ളത്. അതിനെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസ മന്ത്രിയുടെയും സർവ്വകലാശാല അധികൃതരുടേയും ശ്രദ്ധത്തിൽപ്പെടുത്തിയിട്ടുണ്ട്. അതുസംബന്ധിച്ച് അന്വേഷിച്ച് വേണ്ട നടപടി സ്വീകരിച്ചു വരുന്നു എന്നാണ് മനസ്സിലാക്കുന്നത്.

ശ്രീ. എം. വിജയകുമാർ : കേരളത്തിലെ കായികതാരങ്ങളുടെ ചിരകാല സ്വപ്നമാണ് സമഗ്രമായ കായികവികസനത്തിനുള്ള ഒരു സ്പോർട്സ് ബില്ല്. ആ ബില്ല് തയ്യാറാക്കി അവതരിപ്പിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ ഈ സഭയിൽ പ്രഖ്യാപിച്ചു. പക്ഷേ ഈ സെഷനിൽ അത് ഉണ്ടായില്ല. അത് ഏതു നിലവാരത്തിലാണെന്നു പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. നീലലോഹിതദാസൻ നാടാർ : സ്പോർട്സ് ബില്ല് ഇന്നലെ എല്ലാപേർക്കും സർക്കുലേറ്റു ചെയ്തു കഴിഞ്ഞു.

ശ്രീ. എം. വിജയകുമാർ : കഴിഞ്ഞ ഏഷ്യാഡിൽ കേരളത്തിലെ രണ്ടു പെൺകുട്ടികളും സൈക്കിളിംഗിൽ പങ്കെടുത്തിരുന്നു. ആ രണ്ടു കുട്ടികളും സാമ്പത്തികമായി വളരെ പരാധീനതകളുള്ള കുട്ടികളാണ്. അവർ ഇവിടെ വന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും സ്പോർട്സ് മന്ത്രിയേയും കണ്ടിരുന്നു. അവർക്ക് രണ്ട് സൈക്കിളുകൾ വാങ്ങി കൊടുക്കാമെന്ന് സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ട്. അതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചോ ?

ശ്രീ. എ. നീലലോഹിതദാസൻ നാടാർ : സെക്രട്ടേറിയറ്റിൽ ജോലിയുള്ള ലതാകുമാരിക്ക് സൈക്കിൾ വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. പിന്നെ ഒരു കുട്ടിക്കും സൈക്കിൾ വാങ്ങുന്നതിന് പതിനായിരം രൂപ സഹായം നൽകിയിട്ടുണ്ട്. രണ്ട് കുട്ടികളുടെ അപേക്ഷകൾ കൂടി ഗവൺമെന്റ് പരിഗണിച്ചുവരികയാണ്.

ശ്രീ. പി. ജെ. ജോസഫ് : പരിശീലനകേന്ദ്രങ്ങൾ തുടങ്ങുന്നുണ്ട്. പക്ഷേ നാലഞ്ചു വയസ്സാകുമ്പോൾ മുതൽ കുട്ടികളെ തെരഞ്ഞെടുത്ത് അവർക്കാവശ്യമായ പോഷകഗുണമുള്ള ആഹാരംകൂടി കൊടുത്താൽ മാത്രമേ അവർക്ക് ശക്തി ഉണ്ടാവുകയുള്ളൂ. അതുകൊണ്ട് പരമാവധി കഴിവുള്ള കുട്ടികളെയെല്ലാം തെരഞ്ഞെടുത്ത് നല്ല പോഷകഗുണങ്ങളുള്ള ക്ഷേണം കൊടുക്കുന്നതിനുള്ള ക്രമീകരണംകൂടി ചെയ്യുമോ ?

ശ്രീ. എ. നീലലോഹിതദാസൻ നാടാർ : വളരെ വ്യാപകവും വിപുലവുമായ ഒരു പ്രശ്നമാണിത്. എല്ലാ തലത്തിലും ചർച്ച ചെയ്ത് തീരുമാനിക്കപ്പെടേണ്ട ഒരു വലിയ പ്രശ്നമാണ്.

ശ്രീ. പി. രവീന്ദ്രൻ : കഴിഞ്ഞ ഏഷ്യാഡിൽ ഇൻഡ്യയ്ക്ക് സ്വർണ്ണം നേടിത്തന്നത് കബടിയാണ്. എന്നാൽ കബടി താരങ്ങളെ പ്രോത്സാഹപ്പിക്കുന്നതിനോ കബടി ഒരു കലയായി അംഗീകരിക്കുന്നതിനോ സംസ്ഥാന ഗവൺമെന്റ് തയ്യാറായിട്ടില്ലെന്ന പരാതി കേൾക്കുന്നുണ്ട്. അങ്ങനെയൊരു പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിൻമേൽ നടപടി സ്വീകരിക്കുമോ ?

ശ്രീ. എ. നീലലോഹിതദാസൻ നാടാർ : അങ്ങനെ ഒരു പരാതിയും ഗവൺമെന്റിന് ലഭിച്ചിട്ടില്ല. ആ പരാതിക്ക് വലിയ അർത്ഥമുണ്ടെന്ന് തോന്നുന്നില്ല.

ശ്രീ. കെ. മുഹമ്മദാലി : കായികതാരങ്ങൾക്ക് പരിശീലനം നൽകാനും അന്തർദേശീയ മൽസരങ്ങൾ സംഘടിപ്പിക്കാനും കഴിയുന്ന അന്തർദേശീയ നിലവാരമുള്ള ഒരു സ്റ്റേഡിയം എറണാകുളത്ത് തുടങ്ങാൻ തീരുമാനിച്ചിരുന്നു. അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. എ. നീലലോഹിതദാസൻ നാടാർ : കൊച്ചിൻ കോർപ്പറേഷനാണ് ഇക്കാര്യത്തിൽ മുൻകൈ എടുത്തിട്ടുള്ളത്. അതിന്റെ വിശദാംശങ്ങൾ കൊച്ചിൻ കോർപ്പറേഷന്റെ പക്കലേ കാണുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly